## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2656 — 12.02.2019-ൽ മറുപടിയ്ക്ക്.

# അന്യസംസ്ഥാനപാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ പാൽ പരിശോധനാ ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം, അമ്ലത, മായം എന്ന നിലയിലുള്ള പദാർത്ഥങ്ങൾ എന്നിവ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും, പരിശോധനയിൽ മായം കലർത്തുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.<br>തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ പാൽ സ്വീകരിക്കുന്നുണ്ട്. ഇങ്ങനെ സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷം മാത്രമാണ് സ്വീകരിക്കുന്നത്.<br>മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഗുണനിലവാരം കുറഞ്ഞ പാൽ വിപണനം ചെയ്യുന്നത് തടയുന്നതിന് എന്തൊക്കെ ആധുനിക സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗുണനിയന്ത്രണ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ആഫീസ് മുഖാന്തിരം വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാൽ വിപണിയിൽ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.<br>തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടുകൂടി സ്റ്റേറ്റ് ഡയറി ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിൽ പാലിലെ രാസ, അണുനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**